**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **05-02-2026 - ൽ മറുപടിയ്ക്ക്**

**കെ - സ്മാർട്ട് നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്ന കെട്ടിടങ്ങൾ കെ-സ്മാർട്ടിൽ ഉൾപ്പെടാതിരുന്നാൽ അവ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ; | (എ) | അസസ്മെന്റ് രജിസ്റ്ററിൽ ഉണ്ടായിരിക്കുകയും ഡിജിറ്റൽ സൈൻ ചെയ്ത് അപ്രൂവ് ചെയ്യപ്പെടാത്തതുമായ കെട്ടിടങ്ങളാണ് കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്യപ്പെടാത്തത്. ഇത്തരം കെട്ടിടങ്ങൾ അപ്രൂവ് ചെയ്ത് അർബൻ ലോക്കൽബോഡികളിൽ LDMS (Legacy Data Management System) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചും, റൂറൽ ലോക്കൽ ബോഡികളിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ചും കെ-സ്മാർട്ടിലേക്ക് ലഭ്യമാക്കാവുന്നതാണ്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി ജോയിന്റ് ഡയറക്ടർ വഴി പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകുകയും പ്രിൻസിപ്പൽ ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകുകയും ചെയ്യണമെന്ന വ്യവസ്ഥ വെച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | പൊളിച്ചു കളയപ്പെട്ട കെട്ടിടം എന്ന് ലോക്കൽ ബോഡികൾ തന്നെ രേഖപ്പെടുത്തുന്നത് ഒരു പ്രോസസ് വഴിയാണ്. ആയതിന് ശേഷവും അത്തരം കെട്ടിടങ്ങൾ വീണ്ടും തിരിച്ചെടുക്കുന്നതിലേയ്ക്കായാണ് ഈ വ്യവസ്ഥ വെച്ചിട്ടുള്ളത്. |
| (സി) | ജീവനക്കാർ ഡാറ്റ എൻട്രി വരുത്തിയപ്പോൾ വന്ന തെറ്റുകൾ തിരുത്തുന്നതിന് പോലും ദീർഘവും സങ്കീർണവുമായ നടപടി ക്രമങ്ങളാണ് വേണ്ടിവരുന്നതെന്ന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | അർബൻ ലോക്കൽബോഡികളിൽ കറക്ഷനു വേണ്ടി LDMS (Legacy Data Management System) എന്ന സോഫ്റ്റ് വെയറും, റൂറൽ ലോക്കൽ ബോഡികളിൽ സഞ്ചയ സോഫ്റ്റ് വെയറും ആണ് ഉപയോഗിക്കുന്നത്. പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിച്ച് കറക്ഷൻ നടത്തുന്നതിലേക്കായി അധിക സമയം ആവശ്യമില്ല. |
| (ഡി) | പ്രസ്തുത വ്യവസ്ഥ കാരണം ചെറിയ തിരുത്തലുകൾക്ക് പോലും മാസങ്ങൾ കാത്തിരിക്കേണ്ടി വരുന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കാമോ; | (ഡി) | സോഫ്റ്റ് വെയർ ഉപയോഗിച്ച് കറക്ഷൻ നടത്തുന്നതിലേക്കായി അധിക സമയം ആവശ്യമില്ല. |
| (ഇ) | വസ്തു നികുതി ഇളവുള്ള ആരാധനാലയങ്ങൾ, സ്കൂളുകൾ തുടങ്ങിയവയുടെ വിവരങ്ങൾ കെ- | (ഇ) | അസസ്മെന്റ് രജിസ്റ്ററിൽ ഉണ്ടായിരിക്കുകയും ഡിജിറ്റൽ സൈൻ ചെയ്ത് അപ്രൂവ് |

| | | | |
|---|---|---|---|
| | സ്മാർട്ടിൽ ഉൾപ്പെട്ടിട്ടില്ലായെന്ന പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ;വ്യക്തമാക്കുമോ; | | ചെയ്യപ്പെട്ടതുമായ എല്ലാ കെട്ടിടങ്ങളും കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | അധികാര വികേന്ദ്രീകരണത്തിന്റെ കാലത്ത് പ്രിൻസിപ്പൽ ഡയറക്ടർ തലം വരെ അപേക്ഷകൾ എത്തണമെന്ന വ്യവസ്ഥ പിൻവലിച്ച് അവ ജോയിന്റ് ഡയറക്ടർ തലത്തിൽ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (എഫ്) | ഇക്കാര്യം സർക്കാർ പരിശോധിച്ച് ഉചിത തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ